		രൂപ
14.	ശ്രീ. പി.കെ. വേലായുധൻ (മുൻ വികസനവകുപ്പുമന്ത്രിയും ഇപ്പോഴത്തെ ഗതാഗതവകുപ്പുമന്ത്രിയും)	19,335.45
15.	ശ്രീ. കെ.എം. മാണി (മുൻ ധനകാര്യവകുപ്പുമന്ത്രിയും ഇപ്പോഴത്തെ ജലസേചനവകുപ്പു മന്ത്രിയും)	8,299.00
16.	ശ്രീ. വയലാർ രവി (മുൻ ആഭ്യന്തരവകുപ്പുമന്ത്രി)	6,992.50
17.	ശ്രീ. ആർ. ബാലകൃഷ്ണപിള്ള (വിദ്യുച്ഛക്തി വകുപ്പു മന്ത്രി)	ഇല്ല
18.	ശ്രീ. രമേശ് ചെന്നിത്തല (ഗ്രാമവികസനവകുപ്പുമന്ത്രി)	ഇല്ല
19.	ശ്രീ. തച്ചടി പ്രഭാകരൻ (ധനകാര്യവകുപ്പുമന്ത്രി)	ഇല്ല

കഴിഞ്ഞ നിയമ[illegible]തിനുശേഷം മന്ത്രിമാർ നടത്തിയ ഡൽഹിയാത്ര

5 [6] ശ്രീ. സി.കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം സംസ്ഥാന മന്ത്രിമാർ ഡൽഹിയാത്ര നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) ഓരോ മന്ത്രിയും ഡൽഹിയാത്ര നടത്തിയതിന്റെ ചെലവ് പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ മുഖ്യമന്ത്രിയ്ക്ക് വിമാനകൂലിയിനത്തിൽ എന്തുതുക ചെലവായിട്ടുണ്ട്;

ഉത്തരം

(എ) ഉണ്ട്. കിട്ടിയിടത്തോളം വിവരം അനുസരിച്ച് ഏഴു പ്രാവശ്യം.

(ബി), (സി) വിവരം ശേഖരിച്ചുവരുന്നു.

1986-ൽ ഡൽഹിയാത്ര നടത്തിയ മന്ത്രിമാർ

6 [7] ശ്രീ. വി.എസ്. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1983 ജനുവരി ഒന്നുമുതൽ 1986 ജൂൺ ഒന്നുവരെ ഡൽഹിയാത്ര നടത്തിയിട്ടുള്ള മന്ത്രിമാർ ആരെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly